# മധുരമായ കുട്ടികളെ, ബാബയിൽ നിന്നും നിങ്ങൾക്ക് ശ്രീമതം ലഭിച്ചിരിക്കുന്നു, ബുദ്ധിയുടെ പൂട്ട് തുറക്കപ്പെട്ടിരിക്കുന്നു, അതുകൊണ്ട് നിങ്ങളുടെ കർത്തവ്യമാണ് സർവ്വർക്കും തങ്ങളുടെ ബുദ്ധിയുടെ സഹയോഗം നല്കുക എന്നത്.

**ചോദ്യം:** സംഗമയുഗത്തിൽ നിങ്ങൾ കുട്ടികളുടെ ഉള്ളിൽ ഉണ്ടാകുന്ന ഏതൊരു ആശയാണ് ബാബ തന്നെ പൂർത്തീകരിച്ച് തരുന്നത്?
**ഉത്തരം** : സംഗമത്തിൽ നിങ്ങൾ കുട്ടികൾക്ക് സ്വർഗ്ഗത്തിൽ പോകുവാനുള്ള ആശ ഉദിക്കുന്നു. നമ്മൾ സ്വർഗ്ഗത്തിലേക്ക് പോകും എന്ന് മുൻപ് ഒരിക്കലും ചിന്തിച്ചിരുന്നില്ല, ഇപ്പോഴാണ് ഈ പുതിയ ആശ ഉൽപ്പന്നമായത്. ഈ ആശ ഒരേ ഒരു ബാബ തന്നെയാണ് പൂർത്തീകരിക്കുന്നത്. ഈ ആശ പൂർണ്ണമായാൽ പിന്നെ വേറെ ആശ ഉണ്ടാവുകയില്ല. ദേവതകളുടെ ഖജനാവിൽ അപ്രാപ്തമായി ഒരു വസ്തുവുമില്ല എന്ന് മഹിമ പാടാറുണ്ട്.

**ഗീതം:** അവസാനം ആ ദിനം എത്തിച്ചേർന്നിരിക്കുന്നു.....

**ഓം ശാന്തി**. സർവ്വഭക്തന്മാർക്കും വേണ്ടി ഏതെങ്കിലും ദിനം തീർച്ചയായും വരും. സർവ്വരും ഭഗവാനെയാണ് ഓർമിക്കുന്നത്. ബാക്കി സർവ്വരും സീതമാരാണ്, ഭക്തരാണ്, സർവ്വരും ദുഃഖിതരാണ്. ഭഗവാനെ ഓർമ്മിച്ചോർമ്മിച്ച് അവസാനം ഭഗവാൻ വന്ന് കൈപിടിക്കുന്ന ആ ദിനം വീണ്ടും വരുന്നു. ബാബയെ തോണിക്കാരൻ, പൂന്തോട്ടകാരൻ, പതീതപാവനൻ എന്നും വിളിക്കുന്നു. ഇപ്പോൾ കുട്ടികൾക്കറിയാം ഞങ്ങൾ ഒന്നിന്റെ കൈ പിടിച്ചിരിക്കുകയാണെന്ന്. നാസ്തികനിൽ നിന്നും ആസ്തികനായി. ബാബ കുട്ടികൾക്ക് ആസ്തി നൽകുന്നതിനായി തന്റെ പരിചയം നൽകി തന്റേതാക്കി. ബാബയിൽ നിന്നല്ലേ ആസ്തി ലഭിക്കുന്നത്. ഇതാണ് പരിധിയില്ലാത്ത അച്ഛൻ, പരമപിതാവ്. അതുകൊണ്ടാണ് ഭക്തന്മാരായ സർവ്വകുട്ടികളും ബാബയെ ഓർമ്മിക്കുന്നത്. എന്നാൽ ഇക്കാര്യം ഭക്തർക്കറിയില്ല. എത്ര വാദ്യാഘോഷത്തോടെയാണ് തീർത്ഥാടനത്തിനു പോകുന്നത്. കുംഭമേള നടത്തുന്നു, വേദശാസ്ത്രങ്ങളൊക്കെ പഠിക്കുന്നു. ഇതും സർവ്വതും ഭക്തിമാർഗ്ഗത്തിലെ സാമഗ്രികളാണ്. അതുകൊണ്ടാണ് ഈ ദുർഗതിയിൽ നിന്നും ഭഗവാൻ വന്ന് മോചിപ്പിക്കുവാൻ വേണ്ടി ഭഗവാനെ ഓർമ്മിക്കുന്നത്. വിളിച്ചുകൊണ്ടേയിരിക്കുന്നു. എന്നാൽ ബാബയെക്കുറിച്ച് ആർക്കും അറിയുകയില്ല, അച്ഛനെക്കുറിച്ച് അറിയാത്തവർ മക്കളല്ലാത്തതുപോലെയാകുന്നു. ബാബയെ അറിയാത്തത് കാരണം, നാസ്തികനായത് കാരണം ദുഃഖം തന്നെ ദുഃഖമാകുന്നു. ബാബയുടെ കുട്ടികളാകുന്നതിലൂടെ സദാ സുഖം തന്നെ സുഖമാകുന്നു. ബാബ സ്വർഗ്ഗത്തിന്റെ രചയിതാവാണ്. അവിടെ എല്ലാവരുമൊന്നും പോകുകയില്ല. ബാബയിൽ നിന്നും ആസ്തിയെടുക്കുവാനായി പരിമിതമായേ വരികയുള്ളൂ. ബാക്കി സർവ്വധർമ്മത്തിലുള്ളവർ മുക്തിയുടെ ആസ്തിയെടുക്കാൻ വരുന്നു. സർവ്വർക്കും എടുക്കേണ്ടത് ബാബയിൽ നിന്നാണ്. ഞാൻ ഇപ്പോൾ നിങ്ങൾക്ക് വളരെ സഹജമായ കാര്യം മനസ്സിലാക്കി തരുന്നു എന്ന് ബാബ പറയുന്നു. നിങ്ങളുടെ അച്ഛനായ എന്നെ മാത്രം ഓർമ്മിക്കൂ കൂടാതെ അയ്യായിരം വർഷം മുൻപും നിങ്ങൾ കണ്ടുമുട്ടിയിരുന്നു എന്ന് ബാബയാണ് മനസ്സിലാക്കി തരുന്നത്. ഓരോ അയ്യായിരം വർഷത്തിനു ശേഷവും കണ്ടുമുട്ടിക്കൊണ്ടിരിക്കും. നമുക്ക് ഇതൊരു പഴയ കാര്യം പോലെയാണ്. കല്പ കല്പം നിങ്ങൾ രാജ്യം നഷ്ടപ്പെടുത്തുന്നു, പിന്നെ നേടുന്നു. നിങ്ങളാണ് 84 ജന്മങ്ങൾ എടുക്കുന്നത്. ഇത് വളരെ ജന്മങ്ങൾക്ക് ശേഷമുള്ള അന്തിമ ജന്മമാണ്. ആദ്യം ഞങ്ങൾ ക്ഷീര സാഗരത്തിലായിരുന്നു. പിന്നെ വിഷയസാഗരത്തിൽ വന്ന് കുടുങ്ങി എന്ന് നിങ്ങൾക്കറിയാം. ക്ഷീരസാഗരവും വിഷയസാഗരവുമൊന്നുമില്ല, എന്നാൽ പാവനമായിരുന്നു പിന്നീട് മായാരാവണൻ പതീതമാക്കി. ഇപ്പോൾ ബാബ വീണ്ടും പാവനമാക്കാൻ വന്നിരിക്കുകയാണ്. ആ ദിനം ഇന്നു വീണ്ടും എത്തിച്ചേർന്നു എന്ന് ഗീതത്തിൽ പറയുന്നു. ഞങ്ങൾക്ക് സ്വർഗ്ഗത്തിലെ യജമാനന്മാരാകണം എന്ന് ഭക്തിമാർഗ്ഗത്തിൽ നിങ്ങൾക്ക് ആശയുണ്ടായിരുന്നില്ല. ഈ കാര്യം ബുദ്ധിയിലുണ്ടായിരുന്നില്ല. ഈ ബാബയും ഗീത വളരെയധികം പഠിച്ചിരുന്നു, കേട്ടിരുന്നു എന്നാൽ തനിക്ക് രാജയോഗം പഠിച്ച് നരനിൽ നിന്നും നാരായണനാകണം എന്ന് ആശയുണ്ടായിരുന്നില്ല. അപ്പോൾ അനായാസമായി ബാബ വന്ന് പ്രവേശിച്ചു. ഞാൻ ഇപ്പോൾ നിങ്ങളുടെ സ്വർഗ്ഗത്തിലേക്ക് പോകുവാനുള്ള ആശ പൂർത്തീകരിച്ച് തരുവാൻ വേണ്ടി വന്നിരിക്കുകയാണെന്ന് ബാബ പറയുന്നു. ഇപ്പോൾ സ്വർഗ്ഗത്തിലേക്ക് പോകുവാനുള്ള ആശ ബുദ്ധിയിൽ ധാരണ ചെയ്യൂ. ബാബയാണ് സ്വർഗ്ഗത്തിന്റെ രചയിതാവ്. ബാബ വളരെ സഹജമായ രീതിയിൽ മനസ്സിലാക്കി തരുന്നു. അതെ, കാമം മഹാശത്രുവാണ്. ഇത് സന്ന്യാസിമാരും പറയുന്നുണ്ട്. അതുകൊണ്ടാണ് വീടൊക്കെ ഉപേക്ഷിച്ചിട്ട് പോകുന്നത്. അത് ഒന്നു രണ്ടു പേരുടെ കാര്യമാണ്. അവരുടെ നിവൃത്തി മാർഗ്ഗത്തിന്റെ പാർട്ടും ഡ്രാമയിലുള്ളതാ

ണ്. അവരും ഭക്തന്മാരാണ്. ഗോഡ് ഫാദർ എന്ന് വിളിക്കുന്നുണ്ട്. എന്നാൽ അത് ആരാണ് എന്നറിയില്ല. പിന്നെ പറയുന്നു– രാധാഗോവിന്ദനെ ഭജിക്കൂ.... ആരെ ഭജിക്കണം? കൃഷ്ണന്റെ പേര് ഗോവിന്ദൻ എന്ന് വെച്ചു. എന്താണോ കേട്ടത് അത് എഴുതി വെച്ചു. ഗോവിന്ദൻ എന്ന് ആരെയാണ് വിളിക്കുന്നത്? പശുക്കളെ മേയ്ക്കുന്നത്, മുരളി കേൾപ്പിക്കുന്നത് ഒരേ ഒരു ബാബ തന്നെയാണ്. മനുഷ്യപ്പശുവിന്റെ കാര്യം തന്നെയാണ്. മുമ്പ് നിങ്ങൾക്കും ഒന്നും അറിയില്ലായിരുന്നു. ഇപ്പോൾ ബാബ വന്ന് സുമതം നല്കി. മായാ രാവണനാണ് കുമതം നൽകുന്നത്, ബാബ സുമതം നല്കുന്നു. ശിവബാബയുടെയാണ് സുമതം, രാവണന്റെയാണ് കുമതം. സുമതം എന്നാൽ ശ്രീമത്ത്, കുമതം എന്നാൽ അസത്യമായ മതം. ഇപ്പോൾ നിങ്ങൾക്ക് വ്യത്യാസം മനസ്സിലായി. നാം അസത്യമായ മതത്തിലായിരുന്നു. സ്വർഗ്ഗത്തിലേക്ക് പോകുവാനുള്ള ആശ ഉണ്ടായിരുന്നില്ല. ഇപ്പോൾ ബാബ പുതിയ ആശ പ്രകടമാക്കി. തല പുകയ്ക്കേണ്ട രീതിയിലുള്ള അപ്രാപ്തമായ ഒരു വസ്തുവും അവിടെ ഉണ്ടാവുകയില്ല. ഇപ്പോൾ നിങ്ങൾ സർവ്വർക്കും പുതിയ ആശയാണ്, നമ്പർവാർ ആണ് പുരുഷാർത്ഥം ചെയ്യുന്നതെങ്കിലും. ബാബ നമ്പർ വൺ ആയ മതം നൽകുന്നു. ബ്രഹ്മാവ് തന്നെ ഇറങ്ങി വന്നാൽ പോലും ബ്രഹ്മാവിന്റെ നിർദ്ദേശം എടുക്കുകയില്ലെന്ന പോലെയാണിവർ എന്നു പറയാറുണ്ട്. ഇത് പിന്നിടത്തെ മഹിമയാണ്. നിങ്ങളുടെ മഹിമ പിന്നീട് പാടപ്പെടും. നിങ്ങൾ സമ്പൂർണ്ണമായി തീരുമ്പോൾ ആഹാ–ആഹാ എന്ന് പറയും. ഇപ്പോൾ കയറുകയും ഇറങ്ങുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇപ്പോളിപ്പോൾ സന്തോഷത്താൽ നൃത്തം വെക്കുന്നു, ഇപ്പോളിപ്പോൾ ശവമായി തീരുന്നു. മായ ഭിന്ന ഭിന്ന പ്രകാരത്തിലൂടെ വഞ്ചിക്കുന്നു. ചിലപ്പോളൊക്കെ ഇന്ദ്രിയങ്ങൾ വളരെ വഞ്ചിക്കുന്നു, അപ്പോൾ ശ്രീമത്ത് ഉപേക്ഷിച്ച് രാവണന്റെ മതമനുസരിച്ച് നടക്കുന്നു. പിന്നീട് നിലവിളിക്കുന്നു.

ബാബ പറയുന്നു– ഓരോ ചുവടിലും നിർദ്ദേശം എടുത്തുകൊണ്ടിരിക്കൂ. ശ്രീമത്തനുസരിച്ച് നടക്കുന്നതിലാണ് നിങ്ങളുടെ മംഗളം. ശ്രീമത്തനുസരിച്ച് നടന്നാൽ ഈ ലക്ഷ്മീ നാരായണനെപ്പോലെയാകുമെന്ന് നിങ്ങളുടെ ഉള്ളിൽ ബാബയല്ലേ ആശ പ്രകടമാക്കിയത്. ഈ ബ്രഹ്മാവ് ആകുന്നതുപോലെ നിങ്ങളും ആകും, ഇക്കാര്യം മറക്കരുത്. പക്ഷേ മായ ഇങ്ങനെയാണ് ശ്രീമത്ത് എടുക്കാൻ അവസരം പോലും നല്കുന്നില്ല. ചിലപ്പോളൊക്കെ തലതിരിഞ്ഞ കാര്യം ചെയ്യിപ്പിക്കുന്നു. ചെയ്തു കഴിഞ്ഞ ശേഷം വന്ന് പറയും– ബാബാ ഞങ്ങൾ ഇന്ന കാര്യം ചെയ്തിട്ടാണിരിക്കുന്നത്. നിർദ്ദേശം എടുക്കാനുള്ള സമയം ലഭിച്ചില്ല. ഇപ്പോൾ എന്ത് ചെയ്യും, മായ നിങ്ങളെ പ്രഹരിച്ചു, ഇതിൽ ബാബ എന്തു ചെയ്യാനാണ്. ഓരോ കാര്യത്തിലും ഓരോ ചുവടിലും വളരെ ശ്രദ്ധ വേണം. പതീ പത്നിമാർ ഒരുമിച്ചിരുന്നു പവിത്രമായി ജീവിക്കാൻ സാധിക്കുമെന്ന് സന്ന്യാസികൾ ഒരിക്കലും പറയില്ല, ഇതിൽ വളരെ യുക്തികളുണ്ട്. ബ്രഹ്മാകുമാർ കുമാരിമാർ എന്ന് പറയുന്നത് എത്ര വലിയ യുക്തിയാണ്. നിങ്ങൾ കുട്ടികൾ ബ്രാഹ്മണ ബ്രാഹ്മണിമാർ ആയിരിക്കുന്നു എങ്കിൽ ഒരിക്കലും കുലത്തെ കളങ്കപ്പെടുത്തരുത്. സഹോദരി സഹോദരനെന്ന ബന്ധം ഒരിക്കലും തല തിരിഞ്ഞുപോകില്ല. സഹോദരിയും സഹോദരനും തമ്മിൽ വിവാഹം കഴിക്കുന്നത് നിയമമല്ല. ഇവിടെ സർവ്വരും സഹോദരി സഹോദരന്മാരാണ്. ഇത് എവിടുത്തെ ആചാരമാണ് എന്ന് പറഞ്ഞ് നമ്മുടെ കാര്യങ്ങൾ കണ്ട് അവർ പരിഹസിക്കുന്നു. ഇത് പുതിയ കാര്യങ്ങളാണ്. ഇങ്ങനെയുള്ള നിർദ്ദേശങ്ങൾ ആർക്കും ഒരിക്കലും നല്കാൻ സാധിക്കില്ല. നിങ്ങൾ ബ്രഹ്മാകുമാർ കുമാരികളാണെങ്കിൽ സഹോദരീ സഹോദരന്മാരാണോ എന്ന് ആരെങ്കിലും ചോദിച്ചാൽ അവരുടെ ബുദ്ധിയിൽ ഇത് ഇരുത്തണം കാരണം സർവ്വരുടെയും ബുദ്ധിയുടെ പൂട്ട് ബന്ധിച്ചിരിക്കുകയാണ്. കല്ല് ബുദ്ധിയാണെങ്കിൽ നിങ്ങൾ അവരുടെ ബുദ്ധിയുടെ പൂട്ട് തുറക്കണം. വളരെയധികം സെന്ററുകൾ ഉണ്ട്. അവിടെ സർവ്വരും തന്നെ ബ്രഹ്മാകുമാർ കുമാരി എന്ന് വിളിക്കുന്നു. എങ്കിൽ സഹോദരി സഹോദരന്മാരായില്ലേ. അവർ ക്രിമിനലായ കാര്യം ചെയ്യില്ല, അസാധ്യമാണ്. ഇത് ഈശ്വരന്റെ പുതിയ രചനയാണ്. അവർ പറയുന്നു – ഗീതയിൽ ഇങ്ങനെ കേട്ടിട്ടേയില്ല. ഇത് ഞാനാണ് നിങ്ങളെ പഠിപ്പിക്കുന്നത് എന്ന് ബാബ പറയുന്നു. പിന്നെ ശിവബാബയുമുണ്ടാകില്ല ബ്രഹ്മാകുമാർ കുമാരിമാരും ഉണ്ടാകില്ല. ഈ ജ്ഞാനം പ്രായലോപം സംഭവിച്ചുപോകും. പിന്നെ എവിടെ കേൾക്കാൻ സാധിക്കും. ഇപ്പോൾ ഞാൻ നിങ്ങൾക്ക് രാജയോഗം പഠിപ്പിച്ചു തരുന്നു.രാജധാനിയുടെ സ്ഥാപന പൂർണ്ണമായി കഴിഞ്ഞാൽ പിന്നെ ഇവ സർവ്വതും ഇല്ലാതാകും. രാജധാനി പാണ്ഡവരാണ് സ്ഥാപിച്ചത്. ഇതും ശാസ്ത്രങ്ങളിലില്ല. ദേവതകൾ പാവനലോകത്തിലെ അധികാരികളായിരുന്നു. പതീത ലോകത്തിന്റെ അധികാരി ദൈത്യരാണ്(അസുരന്മാർ). ഇവർ പരസ്പരം എങ്ങനെ യുദ്ധം ചെയ്യാൻ സാധിക്കും. സ്വർഗ്ഗത്തിൽ നിന്ന് കൊണ്ട് നരകത്തിൽ യുദ്ധം ചെയ്യുമോ! ശരി, അസുരന്മാരുടെയും ദേവതകളുടെയും യുദ്ധം എങ്ങനെയാണ് നടന്നത്? തീർച്ചയായും സംഗമം വേണം. അവർ തന്റെ സേനയുമായിവന്ന് യുദ്ധം ചെയ്യുമോ? കണക്ക് ശരിയാകുന്നില്ല. അസുരന്മാർ ഉള്ളയിടത്ത് ദേവതകൾ ആരുമുണ്ടാകില്ല. ദേവതകൾ ഉള്ളയിടത്ത് അസുരന്മാരുമുണ്ടാകില്ല. പിന്നെ എങ്ങനെ യുദ്ധം ചെയ്യാൻ സാധിക്കും? കൗരവരുടെയും പാണ്ഡവരുടെയും യുദ്ധവും ഉണ്ടാകുക സാധ്യമല്ല. ശ്രീമത്തനുസരിച്ച് നടക്കുന്നവർക്ക് ആരെങ്കിലുമായി യുദ്ധം ചെയ്യുവാൻ സാധിക്കുന്നതെങ്ങനെയാണ്. വഴക്ക് കൂടുന്നത് മനുഷ്യരാണ്. ബാബയ്ക്ക്

യുദ്ധം ചെയ്യുവാനോ ചൂത് കളിക്കുവാനോ അനുവാദം തരാൻ സാധിക്കില്ല. ചൂത് കളിക്കുവാനും പരസ്പരം യുദ്ധം ചെയ്യുവാനും പാണ്ഡവരത്ര വിഡ്ഢികളാരായിരുന്നില്ല.

ഇത് ബാബയുടെ രുദ്ര ജ്ഞാന യജ്ഞമാണെന്ന് ബാബ മനസിലാക്കി തന്നിട്ടുണ്ട്. അബലകളുടെ മേൽ വളരെ അത്യാചാരങ്ങൾ നടക്കുന്നു. വിഷത്തിനു വേണ്ടി എത്രയാണ് ബുദ്ധിമുട്ടിപ്പിക്കുന്നത്. ഭഗവാൻ പറയുന്നു- കാമം മഹാ ശത്രുവാണ്, ഇതിന്റെ മേൽ വിജയിക്കുന്നതിലൂടെ നിങ്ങൾ സ്വർഗ്ഗത്തിലേക്ക് എത്തിച്ചേരും എന്ന് പറയൂ. ഇങ്ങനെ ഇങ്ങനെ മനസിലാക്കി കൊടുക്കുന്നതിലൂടെ വളരെപേർ ജയിക്കാറുമുണ്ട്. പിന്നെ അവരെ ദേവി എന്ന് പറഞ്ഞ് പൂജിക്കുന്നു. സഹായവും ലഭിക്കുന്നു. പതി പത്നിമാർ ഒരുമിച്ചിരുന്ന് പവിത്രമായി ജീവിക്കാൻ സാധിക്കും എന്നത് കേൾക്കുമ്പോൾ ഇത് അസാധ്യമാണെന്ന് പറഞ്ഞ് മനുഷ്യർ ഭയപ്പെടുന്നു. തീർച്ചയായും എന്തോ ഇന്ദ്രജാലമുണ്ടെന്ന് പറയുന്നു. ഇങ്ങനെയുള്ള സത്സംഗത്തിൽ ഒരിക്കലും പോകരുതെന്ന് പറയുന്നു. ആരംഭസമയത്ത് പെൺകുട്ടികൾ ഓടി വന്നപ്പോൾ ആ പേര് കിട്ടി. ഭട്ഠി വെച്ചപ്പോൾ തീർച്ചയായും ഓടി വന്നു കാണുമല്ലോ. ബന്ധനസ്ഥരായ അമ്മമാർക്ക് വളരെ നിർദ്ദേശങ്ങൾ നല്കുന്നുണ്ട്, ഇവിടെ ധൈര്യവും വേണം. പാവപ്പെട്ടവരാണെങ്കിൽ വിചാരിക്കും കുഴപ്പമില്ല, ഇതിനു വേണ്ടി ഞാൻ സ്വർഗ്ഗ രാജ്യാധികാരം എന്തിന് നഷ്ടപ്പെടുത്തണം. ഇവർ വീട്ടിൽ നിന്ന് ഇറക്കി വിടുമായിരിക്കും. ശരി, ഞാൻ പോയി പാത്രം കഴുകും, തൂത്ത് വാരും. വലിയ വീട്ടിലുള്ളവർക്ക് ഇങ്ങനെ ഉപേക്ഷിക്കാൻ സാധിക്കില്ല. ആരംഭത്തിൽ പെൺകുട്ടികളുടെ പാർട്ടായിരുന്നു. പാവപ്പെട്ടവർക്ക് വളരെ സഹജമാണ്. ബാബയുടെ അടുത്ത് വരുമ്പോൾ ആദ്യം തൂത്തു വാരുക തുടങ്ങി സർവ്വതും ചെയ്യേണ്ടിവരും എന്ന് ബാബ പറയുന്നു. മായയുടെ കൊടുങ്കാറ്റ് ശക്തമായി വരും. മകന്റെ ഓർമ്മവരും. അതുകൊണ്ട് ശ്രദ്ധ വേണം. ആദ്യം നഷ്ടോ മോഹയാകു അപ്പോൾ ഇക്കാര്യം നോക്കാം. ശിവബാബയ്ക്ക് നിർദ്ദേശം നല്കേണ്ടി വരുന്നു. ജ്ഞാനം ലഭിച്ചിട്ടുണ്ട്, വസ്ത്രം എങ്ങനെയുള്ളത് വേണമെങ്കിലും ധരിച്ചോളൂ, പരാതിയില്ല. ബാബ നിങ്ങളെ കണ്ണുകളിൽ വെച്ചുകൊണ്ട് സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകുന്നു. സാജന്റെ പിന്നാലെ സജിനി പോകുമ്പോൾ മൺചട്ടിയിൽ ദീപം കത്തിക്കുന്നു. ബാബ വന്നിരിക്കുന്നത് സർവ്വരേയും റോസാപൂക്കളാക്കി കൊണ്ടുപോകാനാണ്. എല്ലാവരും പ്രിയപ്പെട്ടവരാകും. പാപങ്ങളുടെ ഭാരം ശിരസ്സിലുണ്ട്. അതുകൊണ്ട് കണക്കു വഴക്കുകൾ അന്ത്യത്തിൽ ഇല്ലാതാക്കി പോകണം. ഇതിനുവേണ്ടിയാണ് ഓർമ്മയിലിരിക്കാൻ നിങ്ങൾ ഇത്ര പരിശ്രമിക്കുന്നത്. പരിശ്രമിക്കാത്തവർക്ക് അങ്ങനെ തന്നെ മുക്തിയിലേക്ക് പോകാനൊന്നും സാധിക്കില്ല. അന്തിമസമയത്ത് നല്ലവണ്ണം ശിക്ഷ അനുഭവിച്ച് പിന്നീട് മുക്തി ധാമത്തിലേക്ക് പോകും. ആത്മാവിന്റെ സ്വധർമ്മമാണ് ശാന്തി. നാം അശരീരിയായിരുന്നു, ഈ കർമ്മേന്ദ്രിയങ്ങളിലൂടെ ജോലി ഒന്നും ചെയ്യുന്നില്ല, മിണ്ടാതിരിക്കുന്നു. എന്നാൽ എപ്പോൾ വരെ? അവസാനം കർമ്മം ചെയ്യേണ്ടേ. ആത്മാവിന്റെ സ്വധർമ്മം ശാന്തിയാണെന്ന് സാധു-സന്ന്യാസിമാർ തുടങ്ങി ആർക്കും തന്നെ അറിയില്ല. സന്ന്യാസിമാർ ശാന്തി കണ്ടെത്താൻ പോകുന്നു. ബാബ പറയുന്നു, ശാന്തി നിങ്ങളുടെ കഴുത്തിലെ മാലയാണ്. പിന്നെ നാം എന്തിന് കാട്ടിലേക്ക് പോകണം. നമ്മൾ കർമ്മയോഗികളാണ്. എന്നെ ഓർമ്മിക്കു എങ്കിൽ വികർമ്മം വിനാശമാകും എന്ന് ബാബ പറയുന്നു. പിന്നെ സ്വർഗ്ഗത്തെയും ഓർമ്മിക്കൂ. 63 ജന്മം ഭക്തിയുടെ യുദ്ധം കഷ്ടപ്പെടുത്തി. ഇപ്പോൾ നിങ്ങളെ സർവ്വ ബുദ്ധിമുട്ടുകളിൽ നിന്ന് മോചിപ്പിച്ചു. ഇപ്പോൾ അശരീരിയാകു എന്ന ബാബയുടെ നിർദ്ദേശം ലഭിക്കുന്നു. കാരണം നിങ്ങൾക്ക് എന്റെ അരികിലേക്ക് വരണം എന്നിട്ട് നിങ്ങളെ സ്വർഗ്ഗത്തിലേക്ക് അയക്കും. ഇതിൽ ബുദ്ധിമുട്ടിന്റെ കാര്യമൊന്നുമില്ല. ഭക്തീമാർഗ്ഗത്തിൽ നിങ്ങൾ വഞ്ചിതരായി. അതുപോലെതന്നെ വീണ്ടും വഞ്ചിതരാകേണ്ടി വരും. സർവ്വർക്കും പുനർജന്മങ്ങൾ എടുത്ത് എടുത്ത് തമോപ്രധാനമാകണം. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഓരോരോ ചുവടിലും വളരെ ശ്രദ്ധയോടെ നടക്കണം. ശ്രീമത്തിൽ സംശയിക്കരുത്. ഒരിക്കലും കുലത്തെ കളങ്കപ്പെടുത്തരുത്.

2) ബാബയുടെ അരികിലേക്ക് പോകുവാനായി പഴയ സർവ്വ കണക്കു വഴക്കുകളും അവസാനിപ്പിക്കണം. അശരീരിയാകുവാനുള്ള പൂർണ്ണ അഭ്യാസം ചെയ്യണം.

**വരദാനം:-ബാബയുടെ സമീപതയുടെ അനുഭവത്തിലൂടെ സ്വപ്നത്തിൽ പോലും വിജയിയാകുന്ന സമാന കൂട്ടുകാരനായി ഭവിക്കട്ടെ.**

ഭക്തിമാർഗ്ഗത്തിൽ സമീപത്തിരിക്കുന്നതിന് വേണ്ടി സത്സംഗത്തിന് മഹത്വമുണ്ടെന്ന് പറയുന്നു. സംഗം അർത്ഥം സമീപത്ത് അവർക്കാണ് ഇരിക്കാൻ സാധിക്കുക ആരാണോ സമാനമായിട്ടുള്ളത്. ആര് സങ്കൽപത്തിൽ പോലും സദാ കൂടെയിരിക്കുന്നുവോ, അവർ അത്രയും വിജയിയായി മാറുന്നു, അവരോട് സങ്കൽപത്തിൽ പോയിട്ട് സ്വപ്നത്തിൽ പോലും മായക്ക് യുദ്ധം ചെയ്യാൻ സാധിക്കില്ല. സദാ മായാജീത്ത് അതായത് ബാബയുടെ സമീപ സംഗത്തിൽ ഇരിക്കുന്നവർ. ബാബയുടെ സംഗത്തിൽ നിന്ന് വേർപെടുത്താൻ ആർക്കും തന്നെ ശക്തിയുണ്ടാകില്ല.

**സ്ലോഗൻ:- സദാ നിർവ്വിഘ്നരായിരിക്കുകയും സർവ്വരെയും നിർവ്വിഘ്നരാക്കുകയും ചെയ്യുക-ഇത് തന്നെയാണ് യഥാർത്ഥ സേവനം.**

## അമൂല്യ ജ്ഞാനരത്നങ്ങൾ(ദാദിമാരുടെ പഴയ ഡയറികളിൽ നിന്ന്)

തന്റെ നിശ്ചയത്തിൽ സ്ഥിതി ചെയ്ത് തന്റെ കൽപം മുമ്പത്തെ സ്ഥിതിയുണ്ടാക്കണം. തന്റെ സ്ഥിതിയനുസരിച്ച് നിശ്ചയം ചെയ്യുക എന്നല്ല. പലരും കരുതുന്നു, അതായത് ഇത് എന്റെ ഭാഗ്യത്തിലേയില്ല, അങ്ങനെ സംഭവിച്ചതാണ്, പക്ഷെ അങ്ങിനെയല്ല. ഈ നിശ്ചയം അവശ്യം ഉണ്ടായിരിക്കണം, അതായത് എന്റെ ഭാഗ്യത്തിൽ അടങ്ങിയിട്ടുള്ളതാണ്. പ്രയത്നിച്ച് തന്റെ പ്രാലബ്ധം ഉണ്ടാക്കണം എന്തുകൊണ്ടെന്നാൽ വിരാട സിനിമയനുസരിച്ച് ഉണ്ടാക്കിയത് തന്നെയാണ് പക്ഷെ പുരുഷാർത്ഥത്തിലൂടെ ഈ ഉണ്ടായതിനെ നേടിയെടുക്കണം. ഉണ്ടായതിനെ സിദ്ധമാക്കാൻ അപ്പോഴേ സാധ്യമാകൂ എപ്പോഴാണോ അധികാരിയായി ഉണ്ടായിരുന്നതിനെ ഉണ്ടാക്കുന്നത്. ഉണ്ടായിരുന്നതാണെന്ന് ആദ്യമേ മനസ്സിലാക്കി നിന്നുപോകരുത്, മറിച്ച് പുരുഷാർത്ഥമനുസരിച്ച് എന്ത് പ്രാലബ്ധമാണോ സിദ്ധമായിട്ടുള്ളത് അത് തന്നെയാണ് പ്രാലബ്ധമെന്ന് മനസ്സിലാക്കണം. ഇത് തന്നെയാണ് ജ്ഞാനം. അല്ലാതെ അടങ്ങിയിട്ടുള്ളതാണെന്ന് മനസ്സിലാക്കി പുരുഷാർത്ഥഹീനരാകുക- ഇത് അജ്ഞാനമാണ്. ഓം ശാന്തി.